**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 373** **09-08-2021 - ൽ മറുപടിയ്ക്ക്**

**സർവ്വേ നടപടികൾ കാര്യക്ഷമമാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ പി എസ് സുപാൽ** | | **Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഭൂരേഖാ സംവിധാനം കാര്യക്ഷമമാക്കുന്നതിന് സർവ്വേ വകുപ്പിന്റെ പ്രവർത്തനം നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഭൂരേഖാ സംവിധാനം കാര്യക്ഷമമാക്കുന്നതിന് സർവ്വെ വകുപ്പിന്റെ പ്രവർത്തനം നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയായെങ്കിലും 87 വില്ലേജുകൾ ഒഴികെ ബാക്കിയുള്ള വില്ലേജുകളെല്ലാം പരമ്പരാഗത സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വെ ചെയ്തിട്ടുള്ളതും റിക്കാർഡുകൾ പേപ്പർ ഫോർമാറ്റിലുമാണ്. ടി മാപ്പുകളൊന്നും കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ ഫോർമാറ്റിൽ മാറ്റുന്നതിനോ ഡിജിറ്റൽ സംവിധാനത്തിലൂടെയുള്ള സേവനം ജനങ്ങൾക്ക് നൽകുന്നതിനോ സാധിക്കാത്തതാണ്. പ്രസ്തുത സാഹചര്യത്തിൽ 87 വില്ലേജുകൾ ഒഴികെയുള്ള 1579 വില്ലേജുകളും (റീസർവ്വെ ജോലികൾ പുരോഗതിയിലുള്ള വില്ലേജ് ഉൾപ്പെടെ) നൂതന സാങ്കേതിക വിദ്യയുടെ സഹായത്താൽ സർവ്വെ നടത്തി മാപ്പുകൾ ഡിജിറ്റലായി തയ്യാറാക്കുന്നതിനും, ഭൂപരിപാലനത്തിന്റെ ഭാഗമായി മാപ്പ് ഉൾപ്പെടെയുള്ള സേവനം പൊതുജനങ്ങൾക്ക് ഓൺലൈനായി നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. |
| (ബി) | എല്ലാ ഭൂമിക്കും രേഖ എന്ന ആശയം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. നൂതന സാങ്കേതിക വിദ്യയുടെ സഹായത്താൽ സർവ്വെ ചെയ്ത് സംസ്ഥാനത്തിന്റെ എല്ലാ ഭൂമികളുടെയും ഡിജിറ്റൽ ലാൻഡ് റിക്കാർഡുകൾ തയ്യാറാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (സി) | സംസ്ഥാനത്ത് മാമ്പലായി നടന്നുവരുന്ന സർവ്വേ പ്രവർത്തനങ്ങളുടെ പുരോഗതി വെളിപ്പെടുത്താമോ; | (സി) | റീസർവ്വെ പൂർത്തിയായ 909 വില്ലേജുകളിൽ 87 വില്ലേജുകൾ ഒഴികെ ബാക്കിയുള്ള 822 വില്ലേജുകൾ പരമ്പരാഗത സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ച് |

| | | | |
|---|---|---|---|
| | | | മാന്വലായി സർവെ ചെയ്തിട്ടുള്ളതും, റിക്കാർഡുകൾ പേപ്പർ ഫോർമാറ്റിലുമാണ്. പരമ്പരാഗത സർവ്വെ ഉപകരണങ്ങളായ ചെയിൻ, ക്രോസ്സ് സ്റ്റാഫ് എന്നിവ ഉപയോഗിച്ച് സർവ്വെ നടത്തിയിട്ടുള്ള 8 വില്ലേജുകളുടെ റിക്കാർഡുകൾ നാളതീകരിച്ച് റവന്യൂ ഭരണത്തിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | സർക്കാരിന്റെ ആദ്യ നൂറുദിന കർമ്മപരിപാടിയിൽ സർവ്വേ വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | സർക്കാരിന്റെ ആദ്യ 100 ദിന കർമ്മ പരിപാടിയിൽ സർവ്വെയും ഭൂരേഖയും വകുപ്പുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 1. 8 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കി സർവ്വെ അതിരടയാള നിയമം സെക്ഷൻ 13 പ്രസിദ്ധീകരിക്കുന്നതിനും,5 വില്ലേജുകളുടെ ഫീൽഡ് ജോലി പൂർത്തിയാക്കി സർവെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടി. 2. മുൻ കാലങ്ങളിൽ ഡിജിറ്റലായി സർവ്വെ മാപ്പുകൾ തയ്യാറാക്കിയിട്ടുള്ള 87 വില്ലേജുകളും, റീസർവ്വെ പൂർത്തിയാക്കുന്നതിന് ലക്ഷ്യമിടുന്ന 8 വില്ലേജുകളും ചേർത്ത് 95 വില്ലേജുകളുടെ മാപ്പ് ഓൺലൈൻ ആപ്ലിക്കേഷനായ e-Map സോഫ്റ്റ് വെയറിൽ ലഭ്യമാക്കുന്നതിനുള്ള നടപടി. 3. Continuously Operating Reference Stations (CORS) 28 എണ്ണം സംസ്ഥാനത്ത് സ്ഥാപിക്കുന്നതിന് സർവെ ഓഫ് ഇന്ത്യ മുഖേന ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടി. 4. Survey of Villages and Mapping with Improvised Technology in Village Areas (SVAMITVA) സംസ്ഥാനത്ത് ആരംഭിക്കുന്നതിനുള്ള നടപടി. |
| (ഇ) | സർവ്വേ നടപടികൾ വേഗത്തിലാക്കുന്നതിനായി ഡിജിറ്റൽ സർവ്വേ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഇ) | ഉണ്ട്. ആധുനിക സർവ്വെ ഉപകരണങ്ങളായ Global Positioning System (GPS), Electronic Total Station (ETS) എന്നിവ ഉപയോഗിച്ചുള്ള ഡിജിറ്റൽ റീസർവ്വെ പ്രവർത്തനങ്ങളാണ് നിലവിൽ നടന്നു വരുന്നത്. ടി ജോലികൾ കൂടുതൽ വേഗത്തിലും കൃത്യതയിലും നിർവ്വഹിക്കുന്നതിലേക്കായി Continuously Operating Reference Station (CORS) നെറ്റ് വർക്ക് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനും Real-time kinematic positioning (RTK) ഉപകരണങ്ങളുടെ സഹായത്താൽ സർവ്വെ ജോലികൾ ത്വരിതപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. ഇതിലേക്കായി ടി സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വെ ഓഫ് ഇന്ത്യ മുഖേന സംസ്ഥാനത്ത് CORS നെറ്റ്1വർക്ക് സ്ഥാപിക്കുന്നതിനുള്ള ധാരണാപത്രം |

| | | | |
|---|---|---|---|
| | | | ഒപ്പ് വച്ചിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ